## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.459.

07.01.2014 ൽ മറുപടിയ്ക്ക്.

### ഹെൽമെറ്റ് നിർബന്ധമാക്കിയ നടപടി

| ചോദ്യം<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>" വി.എം. ഉമ്മർമാസ്റ്റർ<br>" കെ. മുഹമ്മദുണ്ണി ഹാജി<br>" എം. ഉമ്മർ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി) |
|---|---|---|
| (എ) ഹെൽമെറ്റ് ധരിക്കാത്ത ടൂവീലർ യാത്രക്കാരിൽ നിന്ന് പിഴ ഇനത്തിൽ 2013 ജനവരി മുതൽ നവംബർ 30 വരെ എത്ര തുക ഈടാക്കി ; | (എ) | ദക്ഷിണമേഖല - 17,83,900/-<br>മധ്യ മേഖല (1) - 12,57,700/-<br>മധ്യ മേഖല (2) - 8,19,400/-<br>ഉത്തര മേഖല - 5,92,400/-<br>ആകെ - 44,53,400/-<br>(നാൽപ്പത്തി നാല്പ ലക്ഷത്തി അമ്പത്തി മൂവായിരത്തി നാന്നൂറ് രൂപ മാത്രം) |
| (ബി) ഹെൽമെറ്റ് നിർബന്ധമാക്കിയ ശേഷം അപകടമരണ നിരക്കിൽ കുറവുണ്ടായിട്ടുണ്ടോ ; എങ്കിൽ എത്ര ശതമാനം ; | (ബി) | 19/09/2013 ൽ കർശന നിർദ്ദേശം നൽകിയതിന് ശേഷം അപകട മരണ നിരക്കിൽ കുറവുണ്ടായിട്ടുണ്ട്. 2013 ഒക്ടോബർ, നവംബർ, ഡിസംബർ എന്നീ മൂന്ന് മാസകാലയളവിലെ അപകടമരണങ്ങൾ 2012-ലെ ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ ഏകദേശം 11 ശതമാനത്തോളം കുറവുണ്ടായിട്ടുണ്ട്. |
| (സി) രോഗമോ മറ്റ് ശാരീരിക വൈകല്യമോമൂലം ഹെൽമെറ്റ് ധരിക്കാൻ ബുദ്ധിമുട്ടുള്ളവർക്ക് നിയമ വ്യവസ്ഥയിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ ; | (സി) | ഇല്ല. |
| (ഡി) ഇല്ലെങ്കിൽ അത്തരക്കാർക്ക് ഇളവ് നൽകുന്ന കാര്യത്തിൽ നിയമവ്യവസ്ഥകളിൽ ആവശ്യമായ മാറ്റം വരുത്തുമോ ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.